# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.11/1691/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിച്ചാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1691/2022 തീയ്യതി: 28/02/2023

## കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-04-2022 മുതൽ 20-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ..എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2022 | 30-11-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2022 | 30-11-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷഹീൻ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നിഖില.എ്.എം ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആന്റണി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബാബു തോമസ് | സെക്രട്ടറി | 01-04-2021 | 07-09-2021 |
| ശ്രീമതി.നിഷ. പി.കെ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2021 | 03-10-2021 |
| ശ്രീ. പ്രദീപൻ. എൻ | സെക്രട്ടറി | 04-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിഷ. പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. വിഷ്ണു. ബി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 02-07-2021 |
| ശ്രീ. സുരേഷ് കുമാർ. സി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 03-07-2021 | 06-12-2021 |
| ശ്രീ. വിഷ്ണു. ബി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-12-2021 | 31-03-2022 |
| ശ്രീ. ജോർജ്ജ്. കെ.ജെ | കൃഷി ഓഫീസർ | 01-04-2021 | 23-02-2022 |
| ശ്രീ. ബെഞ്ചി ഡാനിയൽ | കൃഷി ഓഫീസർ | 24-02-2022 | 31-03-2022 |
| ശ്രീ. മനോജ്. സി.വി | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 01-04-2021 | 06-08-2021 |
| ശ്രീമതി. ഷൈമ. കെ | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 07-08-2021 | 03-10-2021 |
| ശ്രീ. ഷാജീവൻ. പി | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 04-10-2021 | 15-01-2022 |
| ശ്രീ. അജിത്ത് കുമാർ | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 16-01-2022 | 31-03-2022 |
| ശ്രീമതി. ഷൈമ. കെ | വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 01-04-2021 | 03-10-2021 |
| ശ്രീ. ഷാജീവൻ. പി | വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 04-10-2021 | 31-03-2022 |
| ഡോ. സദാനന്ദൻ. എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 04-10-2021 |
| ഡോ. ഡിജിന പ്രിയ | മെഡിക്കൽ ഓഫീസർ | 05-10-2021 | 03-12-2021 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി) | | |
| ഡോ. സദാനന്ദൻ. എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 04-12-2021 | 01-03-2022 |
| ഡോ. ജോൺ ബ്രിട്ടോ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 02-03-2022 | 31-03-2022 |
| ഡോ. ഹരിപ്രിയ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. മനോജ്. ഇ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ജോൺസൺ പി. ജോൺ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു. ടി.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി. ആശ. എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-11-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 16-09-2021 |
| ശ്രീമതി. റിൻഷ. സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല | 1-11 |
| 13 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-13 |
| 15 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 16 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി | 1-15 |
| 17 | കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തിയില്ല | 1-16 |
| 18 | വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല | 1-17 |
| 19 | ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 20 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല | 1-19 |
| 21 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ | 1-20 |
| 22 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചത് സബന്ധിച്ച് | 1-21 |
| 23 | സർക്കാർ നിർദ്ദേശത്തിന് അനുസരിച്ചല്ലാതെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചു. | 1-22 |
| 24 | മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ 1,31,602 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-23 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-24 |
| 26 | അർഹതപ്പെട്ട ശമ്പളം അനുവദിക്കാത്തത് സംബന്ധിച്ച് | 1-25 |
| 27 | സ്മാർട്ട് ഗാർബേജ് ആപ്പ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതി -മോണിറ്ററിങ് നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 28 | പി.എം.എ.വൈ ബ്ലോക്ക് വിഹിതം നൽകൽ,എസ്.സി.അപാകങ്ങൾ | 1-27 |

| | | |
|---|---|---|
| 29 | കണിച്ചാർ ഗ്രാമ പഞ്ചായത്തു ഓഫീസ് നിർമ്മാണം - അപാകങ്ങൾ | 1-28 |
| 30 | മടപ്പുരച്ചാൽ കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് നിർമ്മാണം അപാകങ്ങൾ | 1-29 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നില്ല | 1-30 |
| 32 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നല്കൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല. | 1-31 |
| 33 | സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-32 |
| 34 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 35 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-34 |
| 36 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 20-02-2021 തീയതിയിലെ 38/21 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 24-03-2022 ലെ 101/22നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 689803 | 540785 |
| വരവ് | 195800732 | 182840732 |
| ആകെ | 196490535 | 183381517 |
| ചെലവ് | 195530872 | 182431769 |
| നീക്കിയിരിപ്പ് | 959663 | 949748 |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1-വാർഷിക കണക്കിലെ തുകകൾ ചെലവ് പത്രിക, എ.സി.ആർ. എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | വാർഷിക കണക്കിലെ തുക | എ.സി.ആർ പ്രകാരമുള്ള തുക | ചെലവ് പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ | 13813818 (RP-7)<br>147,05,818(I-6) | 14014468 | 13813818+ (892000 ജി.ഒ പ്രോജക്ട് തുക) =14705818 |
| 2 | മെയിന്റനൻസ് ഫണ്ട് റോഡ് | 6740015 (RP-7)<br>6740015 (I-6) | 8023499 | 6440015 |
| 3 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 3507519 (RP-7)<br>3507519 (I-6) | 3712910 | 3507519 |
| 4 | സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് | 6511502 (RP-7) | 6775978 | 6511502 |

2- സെൻട്രൽ ഫിനാൻസ് കമ്മിഷൻ ബേസിക്ക് ഗ്രാന്റ് ഇനത്തിൽ പൂളക്കുറ്റി വെള്ളറ റോഡ് റീടാറിംഗ് , റിപ്പയറിംഗും ഡ്രെയിനേജ് നിർമ്മാണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്ത 39918 രൂപ ആർ പി 7 ഷെഡ്യൂളിൽ വരവായി കാണിച്ചിട്ടില്ല. ഇത് കാരണം നീക്കിയിരിപ്പിൽ (B-4) 39,918 രൂപയുടെ കുറവ് വന്നിട്ടുണ്ട്

3- വിവിധ ആവശ്യങ്ങൾക്ക് മുൻ വർഷങ്ങളിൽ ലഭ്യമായ തുക പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുകയോ, വിനിയോഗിക്കാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ഇനം | 31-03-2022 ൽ നീക്കിയിരിപ്പുള്ള തുക |
|---|---|---|
| 1 | ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് | 588145 |
| 2 | എം പി ഫണ്ട് | 73182 |

4- എം.ജി.എൻ.ആർ.ഇ.ജി.എസ്, എം.ഐ.സി സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് 29964923 രൂപയാണ്. എന്നാൽ വാർഷിക കണക്ക് (I-14(a) ) പ്രകാരം ആകെ ചെലവ് 33,818,304 രൂപയാണ്.

5- ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ താഴെ പറയുന്ന ശീർഷകത്തിൽ കാണിച്ച തുകകൾ പൂർണമായും വ്യക്തമാകുന്നതിന് ഉതകുന്ന വിധത്തിൽ എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | കോഡ് | തുക |
|---|---|---|
| 1 | 320100299 | 2,55,000 |
| 2 | 320300199 | 1416432 |
| 3 | 320700404 | 2,80,000 |
| 4 | 320700405 | 9,90,000 |
| 5 | 320700204 | 3,34,750 |

6- KURDFC ലോൺ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| മുന്നിരിപ്പ് (ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ 2020-21) | 7281431 |
| തൻവർഷം ഒടുക്കിയ തുക (സോഴ്സിൽ നിന്ന് നേരിട്ട് കുറവ് ചെയ്ത തുക) | 806667 |
| നീക്കിയിരിപ്പ് (7281431-806667) | 6474764 |
| വാർഷിക കണക്ക് പ്രകാരം ലോൺ നിക്കിയിരിപ്പ് (ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ 2021-22) | 6900098 |

സ. ഉ(സാധാ)22/2022/ധന തീയതി 01-01-2022 ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്ന് നേരിട്ട് കുറവ് ചെയ്ത ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് തുക പ്രോജക്ടിൽ ഉൾപ്പടുത്തി ചെലവ് കാണിച്ചിട്ടില്ല.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 345082 |
| വികസനഫണ്ട് (എസ് സി പി ) | 8025 |

| | |
|---|---|
| വികസനഫണ്ട് (ടി എസ് പി ) | 72227 |
| ആകെ | 425334 |

7- ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 13-05-2022 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9323316 |
| വരവ് | 63709353 |
| ആകെ | 73032669 |
| ചെലവ് | 59853866 |
| നീക്കിയിരിപ്പ് | 13178803 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 0 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 16582918 | 16582918 | 14705818 | 18,77,100 |
| വികസനഫണ്ട് എസ്.സി.പി | | 636975 | 636975 | 542810 | 94165 |
| വികസനഫണ്ട് 'ടി എസ് പി ' | | 4128773 | 4128773 | 4128773 | 0 |
| മെയിന്റനൻസ് റോഡ് | | 8576000 | 8576000 | 6740015 | 1835985 |
| മെയിന്റനൻസ് നോൺറോഡ് | | 4853319 | 4853319 | 3507519 | 1345800 |
| ധനകാര്യ കമ്മീഷൻ അവാർഡ് -അൺടൈഡ് ബേസിക് | | 3793828+54354 (പലിശ)=3448182 | 3848182 | 3618494 | 175334+ 54354 (പലിശ) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 229688 |
| ധനകാര്യ കമ്മീഷൻ അവാർഡ് -ടൈഡ് | | | 8794214 | 8794214 | 3157484 | 5636730 |
| എംജിഎൻ ആർഇജിഎസ് | ഭരണചെലവ് | 2293 | 869812 | 872105 | 868609 | 3496 |
| | തൊഴിലാളി കളുടെകൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 32949695 | 32949695 | 32949695 | 0 |
| ഐസിഡിഎസ് | | 800632 | 421015 | 1221647 | 396626 | 825021 |
| ടോട്ടൽ സാനിറ്റേഷൻ | | 460269 | 7828 | 468097 | 85000 | 383097 |
| ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് | | 588145 | 0 | 588145 | 0 | 588145 |
| എസ്,എസ്,എ | | 848 | 0 | 848 | 0 | 848 |
| എം പി ഫണ്ട് | | 71098 | 2084 | 73182 | 0 | 73182 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- | | 2,55,000 | 0 | 2,55,000 | 0 | 2,55,000 |
| സാക്ഷരത | | 6295 | 0 | 6295 | 0 | 6295 |
| ശുചിത്വ മിഷൻ | | 2021968 | 0 | 2021968 | 1623833 | 398135 |
| വിമുക്തി | | 17,870 | 0 | 17870 | 0 | 17870 |
| വെസ്റ്റേൺഗട്ട് ഡവലപ്പ്മെന്റ് സ്കീം | | 383612 | 10592 | 394204 | 394204 | 0 |
| ലൈഫ് മിഷൻ | | 0 | 17.00.000 | 17,00,000 | 9,60,000 | 740,000 |

1- വികസന ഫണ്ട് ജനറൽ - എ.സി.ആർ പ്രകാരം ജി.ഒ. പ്രോജക്ട് (സോഴ്സിൽ നിന്ന് നേരിട്ട് കുറവ് ചെയ്യുന്ന തുക) ഒഴികെ ഉള്ള ചെലവ് 14014468 രൂപയും ലാപ്സായ തുക 16,76,450 രൂപയുമാണ്.

2-മെയിന്റനൻസ് ഫണ്ട് ( റോഡ്) - എ.സി.ആർ പ്രകാരം ചെലവ് 8023499 രൂപയും ലാപ്സായ തുക 5636730 രൂപയുമാണ്. ചെലവ് പത്രിക പ്രകാരം 6440015 രൂപയാണ്.

3-മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ്) - എ.സി.ആർ പ്രകാരം ചെലവ് 3712910 രൂപയും ലാപ്സായ തുക 1140409 രൂപയുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 103090847 | 160 | 42987222 | 7 | 35 | 78 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 1873310 | 1210630 | 64.63 |
| വെറ്റിനറി സർജ്ജൻ | 6 | 5 | 1263828 | 513828 | 40.66 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്. സി | 8 | 8 | 1484943 | 1440678 | 97 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 2 | 2 | 165000 | 165000 | 100 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 6 | 5 | 800000 | 749768 | 93.72 |
| വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 13 | 10 | 48811088 | 7290000 | 14.94 |
| വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 10 | 9 | 3816840 | 2039582 | 53.44 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 12 | 4017231 | 3550987 | 88.39 |
| സെക്രട്ടറി | 39 | 34 | 7277819 | 6192836 | 85.09 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 48 | 28853600 | 15400298 | 53.37 |
| ഹെഡ് മാസ്റ്റർ | 11 | 11 | 2271088 | 1984059 | 87.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 870100 | 863556 | 99.25 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1586000 | 1586000 | 100 |
| ആകെ | 195 | 160 | 103090847 | 42987222 | 41.70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2293 | 869812 | 872105 | 868609 | 3496 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32949695 | 32949695 | 32949695 | 0 |
| ക്ഷേമ പദ്ധതികൾ | 2293 | 33819507 | 33821800 | 33818304 | 3496 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1326400 | 89 |
| വിധവാപെൻഷൻ | 8525200 | 539 |
| വാർദ്ധക്യകാലപെൻഷൻ | 20499000 | 1376 |
| വികലാംഗപെൻഷൻ | 2606000 | 168 |
| അവിവാഹിത പെൻഷൻ | 425200 | 28 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 25-11-2022 തീയതിയിൽ 10.55 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8451/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും 2021-22 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. 2022 ജനുവരി മാസത്തിലാണ് ഗ്രാമസഭാ യോഗം ചേർന്നത്. 2022-23 പദ്ധതി രൂപീകരണം, 2021-22 വാർഷിക പദ്ധതി അവലോകനം, 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭയിലെ പ്രധാന അജണ്ട.

## 1-11 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2014-15,2015-16,2016-17 കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റേയും വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം(ച.മീ) |
|---|---|---|---|---|---|
| 1 | 1/15 | ആമക്കാട്ട് ബെന്നി | 228604/18-19<br>13.09.18 To 12.09.21 | GF(നിലവിലുള്ളത്)-84.58<br>FF(pro)-85.33 | 74 |

| | | | | | |
|---|---|---|---|---|---|
| 2 | 7/328 | മുണ്ടപ്ലാക്കൽ മൻമദൻ | 63/16-17 17.09.16 To 16.09.19 | GF(നിലവിലുള്ളത്)-197.04 FF(pro)-83.96 | 197.04 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 11 തീയതി 25-11-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-12 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 1 | 1/265 | പാറയ്ക്കൽ ബേബി | 2021-22 |
| 2 | 1/282 | പന്തപ്ലാക്കൽ മാത്യു | 2021-22 |
| 3 | 1/299 | പടനിലത്ത് സിബിച്ചൻ | 2021-22 |
| 4 | 2/141 | ആറുവാക്കൽ ജിനിൽ ജോസ് | 2021-22 |
| 5 | 2/171 | ആറുവാക്കൽ വിൽസൺ മാത്യു | 2021-22 |
| 6 | 2/313 A | ബിജു ജോസഫ് | 2021-22 |
| 7 | 2/314 | കരിയാടൻ വീട്ടിൽ പങ്കജാക്ഷൻ | 2021-22 |

| | | | |
|---|---|---|---|
| 8 | 2/338 E | തിടിൽ കുഞ്ഞമ്പു | 2021-22 |
| 9 | 2/347 | ചെറിയപറമ്പത്ത് സദാശിവൻ | 2021-22 |
| 10 | 3/2 | കൊച്ചുപുരക്കൽ ഏലിയാമ്മ ബേബി | 2021-22 |
| 11 | 3/26 | കൈനിക്കര ജോൺ ബി ജോസഫ് | 2021-22 |
| 12 | 3/76 | കാരാത്താൻ രത്നവല്ലി | 2021-22 |
| 13 | 3/287 A | വയലത്ത് പറമ്പിൽ തോമസ്, മോളി | 2021-22 |
| 14 | 3/340 | കൊച്ചുപുരയ്ക്കൽ ജോർജ്ജ് | 2021-22 |
| 15 | 3/342 C | സന്തോഷ് പി വൈ | 2021-22 |
| 16 | 3/370 | ഞാലിൽ സംഗീത | 2021-22 |
| 17 | 3/389 | കുന്നേൽ ത്രേസ്യ ബാബു | 2021-22 |
| 18 | 4/82 A | ചോലപ്പിള്ളിൽ ലീന കെ സ്റ്റീഫൻ | 2021-22 |
| 19 | 4/284 | മേൽപനാം തോട്ടത്തിൽ ജോസഫ് | 2021-22 |
| 20 | 4/210 | കാട്ടാങ്കോട്ടിൽ മത്തായി | 2021-22 |
| 21 | 5/192 | കടുവാക്കണ്ടത്തിൽ മോഹനൻ | 2021-22 |
| 22 | 5/93 B | കാട്ടാങ്കോട്ടിൽ മത്തായി | 2021-22 |
| 23 | 5/238 | കല്ലുവേലിൽ റീന വർഗ്ഗീസ് | 2021-22 |
| 24 | 5/268 | ചെറുകാവിൽ ജോസഫ് | 2021-22 |
| 25 | 5/335 A | വിനോദ് പാറയ്ക്കൽ | 2021-22 |
| 26 | 9/139 | വട്ടപ്പറമ്പിൽ ജെസ്സി | 2021-22 |
| 27 | 10/47 | സെബാസ്റ്റ്യൻ കോളച്ചിറക്കൽ | 2021-22 |
| 28 | 10/51 | പെരുമ്പള്ളിൽ ജോർജ് | 2021-22 |
| 29 | 10/121 A | പുഞ്ചക്കുന്നേൽ ജോളി ജോസഫ് | 2021-22 |
| 30 | 10/284 | കൊച്ചുപുരക്കൽ മാത്യു | 2021-22 |
| 31 | 11/67 C | ബെഥേൽ | 2021-22 |

| | | | |
|---|---|---|---|
| | | ത്രേസ്യാമ്മ | |
| 32 | 11/84 A | ചിറക്കുഴിയിൽ എൽസി | 2021-22 |
| 33 | 11/251 E | ചാമംപതാലിൽ ബഷീർ | 2021-22 |
| 34 | 11/270 | ചാമംപതാലിൽ ബഷീർ | 2021-22 |
| 35 | 12/37 | എരോത്ത് ബാലകൃഷ്ണൻ | 2021-22 |
| 36 | 12/341 | മേച്ചേരി തകിടിയേൽ സജി ഡൊമനിക് | 2021-22 |
| 37 | 13/90 | കാട്ടിപ്ലാക്കൽ സജിത. കെ. കെ | 2021-22 |

അപാകങ്ങൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ്_എൻക്വയറിക്ക് (നമ്പർ 27/20-21 തീയതി 28/11/22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. സ.ഉ.(കൈ) നം. 106/2017/തസ്വഭവ തീയതി 26.05.2017 പ്രകാരം എല്ലാ വിമുക്തഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ മാത്രമാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്. എന്നാൽ ക്രമ നമ്പർ 20, 22 പ്രകാരം കാട്ടാങ്കോട്ടിൽ മത്തായി എന്നവരുടെയും ക്രമ നമ്പർ 33, 34 പ്രകാരം ചാമംപതാലിൽ ബഷീർ എന്നവരുടെയും 2 കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് രണ്ട് കെട്ടിടങ്ങൾക്ക് ഇളവ് നൽകിയ നടപടി റദ്ദ് ചെയ്ത് വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/ സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ)) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവയിൽ അനുശാസിക്കുന്നുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) ഓടംതോട് ക്ഷീര സഹകരണ സംഘത്തിലെ ജീവനക്കാരായ പ്രഭാകരൻ. പി.വി, ജെയ്സൺ. എ.സി എന്നിവരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (**28/28.11.22**) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുന്നതിനും നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/ വ്യവസായ ആവശ്യങ്ങൾക്കായി ആകെ 1961 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 678 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 150 |
| 3 | 200 $M^2$ വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| 4 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 32 |
| 5 | ഇതര വ്യവസായങ്ങൾക്കുള്ളവ | 44 |
| | ആകെ | 905 |

ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ആകെ 905 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്ററെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പ്രകാരം വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 905 കെട്ടിടങ്ങളിൽ 2021-22 വർഷം 230 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 675 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് (13/25.11.22) നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 27% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 73% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

ഡി& ഒ ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം. | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 2/105 | സുകുമാരൻ | അനാദിക്കച്ചവടം | പാർപ്പിടം |

| | | | | |
|---|---|---|---|---|
| | | നായർ | | |
| 2 | 5/59 | സന്തോഷ് എം സ് | സ്റ്റേഷനറി | പാർപ്പിടം |
| 3 | 11/250 C | രേഷ്മ. പി ഡി | കെട്ടിട നിർമാണ സാമഗ്രികൾ വില്പന | പാർപ്പിടം |
| 4 | 5/343 | അമ്മിണി മാത്യു | സ്റ്റേഷനറി | പാർപ്പിടം |
| 5 | I1/386 | ബിനോയ്.ഇ.യു | ബേക്കറി | പാർപ്പിടം |
| 6 | 11/337 C | ഷാജു ജോസഫ് | സ്റ്റേഷനറി | പാർപ്പിടം |
| 7 | 11/439 A | മനോജ് കെ കെ | വാടക സാധനങ്ങളുടെ വില്പന | ഓഫീസ് ആവശ്യത്തിനുള്ളവ |
| 8 | 4/167 A | രാധാകൃഷ്ണൻ എ. ആർ | ഹോളോബ്രിക്സ് നിർമാണം | കൈത്തറി ഷെഡ്/ കയർപിരി ഷെഡ് |
| 9 | 5/272 | വിജയൻ ടി കെ | ബാർബർ ഷോപ്പ് | പാർപ്പിടം |
| 10 | 3/401,402, 403 | ലിസമ്മ മാത്യു | ഇറച്ചിക്കോഴി വില്പന | പാർപ്പിടം |
| 11 | 2/74 | ബിജു എ ജെ | ഹോട്ടൽ | പാർപ്പിടം |
| 12 | 3/231 | പ്രിൻസ് പി വി | ഹാർഡ് വെയർ ഷോപ്പ് | പാർപ്പിടം |
| 13 | 1/32 | മാണി കെ വി | അനാദിക്കട | പാർപ്പിടം |
| 14 | 13/160 | ഉഷാകുമാരി വി എസ് | സ്റ്റേഷനറി | പാർപ്പിടം |
| 15 | 11/337 C | എൽസി മാത്യു | അനാദിക്കട | പാർപ്പിടം |
| 16 | 13/158 | സനിൽ കെ ആർ | അലൂമിനിയം ഫാബ്രിക്കേഷൻ | പാർപ്പിടം |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/25.11.22) മറുപടിയായി ക്രമ നമ്പർ 2, 4, 6, 8, 11, 13, 15 നമ്പർ കെട്ടിടങ്ങൾക്ക് കെട്ടിടത്തിന്റെ ഒക്കുപ്പൻസി മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 1, 3, 5, 7, 9, 10, 12, 14, 16 പ്രകാരമുള്ള കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നുമുള്ള മറുപടിയാണ് നല്കിയത്. ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് രജിസ്റ്ററിൽ യഥാർത്ഥത്തിലുള്ള കെട്ടിട നമ്പർ എഴുതി ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-16 കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തിയില്ല

2021-22 വർഷത്തെ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|
| 1 | ശ്രീദേവി.കെ.എൻ. | 4/166A | സോഡ നിർമ്മാണം |

| | | | |
|---|---|---|---|
| 2 | ഡെയ്സി | 7/225 | സ്റ്റേഷനറി |

പ്രസ്തുത കെട്ടിടത്തിന്റെ തരം സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/25.11.22) ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള കെട്ടിടത്തിന്റെ ഒക്കുപ്പൻസി മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ രണ്ട് പ്രകാരമുള്ള കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒക്കുപ്പെൻസി തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതും കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

## 1-17 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം നികുതിയിനത്തിലും ഫീസിനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

A. 2021-22 വർഷത്തെ വരവിനങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക ₹ |
|---|---|---|
| 1 | വസ്തുനികുതി | 3142 |

B. മുൻവർഷങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക ₹ |
|---|---|---|
| 1 | വസ്തുനികുതി | 4552 |
| 2 | തൊഴിൽ നികുതി(വ്യാപാരികൾ) | 13500 |
| 3 | ലൈസൻസ് ഫീ | 8500 |
| ആകെ | | 26552 |

ഗ്രാമ പഞ്ചായത്ത് കുടിശ്ശിക നിവാരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29 /28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വരവിനങ്ങളുടെയും ഡിസിബി കൃത്യതയോടെ തയ്യാറാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ 2018-19 വർഷം മുതലുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ്

എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 2021-22 വർഷം വരെ 217878 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2018-19 | 102408 |
| 2 | 2019-20 | 12430 |
| 3 | 2020-21 | 22400 |
| 4 | 2021-22 | 80640 |
| | ആകെ | 217878 |

2021-22 വർഷം വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ 217878 രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാവാനുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല

| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ |
|---|---|---|
| പ്രോജക്ട് നം. & പേര് | 21/22അങ്കണവാടി പോഷകാഹാരം-ജനറൽ | 22/22 അങ്കണവാടി പോഷകാഹാരം - എസ്.ടി. |
| അടങ്കൽ | ₹1000000 (വികസന ഫണ്ട് ജനറൽ)<br>₹600000 (കേന്ദ്ര ഫണ്ട്)<br>ആകെ- ₹1600000 | ₹600000 (വികസന ഫണ്ട് ടി.എസ്.പി.) |
| ചെലവ് | ₹1000000 (വികസന ഫണ്ട്)<br>₹237755 (കേന്ദ്ര ഫണ്ട്)<br>ആകെ- ₹1237755 | ₹600000 (വികസന ഫണ്ട്) |
| ബിൽ നം./ വൗച്ചർ നം.(ACR പ്രകാരം) & തീയതി, തുക | 2/27.08.2021 - ₹48400<br>3/28.09.2021 - ₹359562<br>7/10.01.2022 - ₹79284<br>8/10.01.2022 - ₹316905 | 1/16.08.2021 - ₹563261<br>15/04.03.2022 - ₹36739 |

| | | |
|---|---|---|
| | 12/09.02.2022 - ₹192039<br>14/28.02.2022 -₹3810<br>22100852/09.03.22-54210<br>22100851/09.03.22-43575<br>22100850/09.03.22-61086<br>22100900/26.03.22-78884 | |

സി.ജി.എസ്.ടി ആക്ട് **2017**, എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 20 അങ്കണവാടികൾക്കായി സൗഭാഗ്യ ന്യൂട്രിമിക്സിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 21/22 പ്രകാരം

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി.എസ്.ടി ഒഴികെയുള്ള തുക) (₹) | ബിൽ നം/ ചെക്ക് നം, തീയതി |
|---|---|---|---|
| 1 | 126/27.08.2021 | 83160 | 3/28.09.2021 |
| 2 | 131/20.09.2021 | 81033.75 | |
| 3 | 136/18.10.21 | 81978.75 | 8/10.01.2022 |
| 4 | 149/17.11.21 | 82451.25 | |
| 5 | 150/29.12.2021 | 77726.25 | |
| 6 | 155/31.01.2022 | 77726.25 | 12/09.02.2022 |
| 7 | 299/28.02.2022 | 18445 | 22100850/09.03.22 |
| 8 | 162/28.02.2022 | 40610.50 | |
| 9 | 174/23.03.2022 | 75127.50 | 098002/30.1.2022 |
| | ആകെ | 618259.25 | |

2. പ്രോജക്ട് നമ്പർ 22/22 പ്രകാരം

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി.എസ്.ടി ഒഴികെയുള്ള തുക) (₹) | ബിൽ നം., ചെക്ക് നം. & തീയതി |
|---|---|---|---|
| 1 | 102/20.04.2021 | 86703.75 | 1/16.08.2021 - |

| | | | |
|---|---|---|---|
| 2 | 107/24.06.2021 | 86703.74 | ₹563261 |
| 3 | 119/28.07.21 | 84341.25 | |
| 4 | 240/20.04.21 | 21540 | |
| 5 | 246/24.05.2021 | 20840 | |
| 6 | 252/22.06.2021 | 17580 | |
| 7 | 259/22.07.2021 | 18900 | |
| 8 | 161/28.02.2022 | 34989.50 | 15/04.03.2022-₹36739 |
| | ആകെ | 371598,24 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി. നം. 15/25.11.2022 ന് അറിവില്ലായ്മകൊണ്ടാണ് ടി.ഡി.എസ് ഈടാക്കാത്തതെന്നും അടുത്ത ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നുമുള്ള മറുപടിയാണ് ഹാജരാക്കിയത്. സർക്കാർ നിർദ്ദേശാനുസരണം സ്രോതസ്സിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയശേഷം സ്ഥാപനങ്ങൾക്ക് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ

വൗച്ചർ നമ്പർ തീയതി തുക 22100047/04-05-2021 ₹649626

ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന ജീവനക്കാർക്ക് അവർക്ക് അർഹതയുള്ളതിലും വ്യത്യസ്തമായാണ് തുക പി എഫ് അക്കൗണ്ടിൽ ഒടുക്കിയത്.

1- ശ്രീമതി.ഷിജില എടക്കണ്ടി സീനിയർ ക്ലർക്കിന്റെ ക്ഷാമബത്ത കുടിശ്ശികയിനത്തിൽ 88479 രൂപ പി.എഫിൽ ഒടുക്കുന്നതിന് പകരം 87123 രൂപ മാത്രമാണ് ഒടുക്കിയത്.

2- ശ്രീ. ഷിനോയ് കുമാർ നരിക്കോടൻ സീനിയർ ക്ലർക്കിന്റെ ക്ഷാമബത്ത കുടിശ്ശികയിനത്തിൽ 87123 രൂപ പി.എഫിൽ ഒടുക്കുന്നതിന് പകരം 88479 രൂപ ഒടുക്കിയിട്ടുണ്ട്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/27-11-2022)വ്യത്യസം വന്ന തുക ക്രമീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വ്യത്യാസം ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചത് സബന്ധിച്ച്.

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ.കുഞ്ഞനന്തൻ ഇ അക്കൗണ്ടന്റ് | 22100184/25-06-2021 | 53058 |
| 2 | ശ്രീ .യദുനാഥ് കെ പി ക്ലർക്ക് | 22100184/25-06-2021 | 33633 |
| 3 | ശ്രീമതി നിഷ പി കെ<br>അസിസ്റ്റന്റ് സെക്രട്ടറി | 22100220/09-07-2021 | 61272 |
| 4 | ശ്രീമതി ഷിജില ടി<br>സീനിയർ ക്ലർക്ക് | `22100220/09-07-2021 | 50616 |

| | | | |
|---|---|---|---|
| 5 | ശ്രീ.ഷിനോയ് കുമാർ നരിക്കോടൻ<br>സീനിയർ ക്ലർക്ക് | 22100220/09-07-2021 | 50616 |
| 6 | ശ്രീമതി.പ്രിൻസി ഹർഷ ബാബു<br>സീനിയർ ക്ലർക്ക് | 22100220/09-07-2021 | 43623 |

അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (22/27-11-2022) 26-07-2021 ലെ ഉത്തരവ് വരുന്നതിന് മുന്നേയാണ് ജീവനക്കാർക്ക് ആർജിതാവധി അനുവദിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആർജിതാവധി സറണ്ടർ ചെയ്തത് സംബന്ധിച്ച് സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-22 സർക്കാർ നിർദ്ദേശത്തിന് അനുസരിച്ചല്ലാതെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചു.

വൗച്ചർ നമ്പർ തീയതി തുക 22100177/25-07-2021 ₹15840

22100178/25-07-2021 ₹37408

22100179/25-07-2021 ₹80150

22100180/25-07-2021 ₹208465

22100181/25-07-2021 ₹2152

22100182/25-07-2021 ₹7303

22100183/25-07-2021 ₹28431

| ക്രമ നമ്പർ | പേര് | തസ്തിക | അനുവദിച്ച ക്ഷാമബത്ത 4% 01/2020 TO 06/2020 | അനുവദിച്ച ക്ഷാമബത്ത 7% 07/2020 TO 02/2021 |
|---|---|---|---|---|
| 1 | ശ്രീ.ബാബു തോമസ് | സെക്രട്ടറി | 15840 | 37408 |
| 2 | ശ്രീമതി നിഷ പറമ്പത്ത് കല്ലി | അസിസ്റ്റന്റ് സെക്രട്ടറി | 14078 | 30184 |
| 3 | ശ്രീ. സനോജ് ടി കെ | ഹെഡ് ക്ലർക്ക് | 14056 | 28364 |
| 4 | ശ്രീ. കുഞ്ഞനന്തൻ ഇളമ്പിലാൻ | അക്കൗണ്ടന്റ് | | 24540 |
| 5 | ശ്രീമതി ഷിജില താഴെ എടക്കണ്ടിയിൽ | സീനിയർ ക്ലർക്ക് | 10680 | 28035 |
| 6 | ശ്രീ ഷിനോയ് കുമാർ നരിക്കോടൻ | സീനിയർ ക്ലർക്ക് | 12460 | 24920 |
| 7 | പ്രിൻസി ഹർഷ ബാബു | സീനിയർ ക്ലർക്ക് | 8976 | 24129 |
| 8 | ശ്രീമതി ട്രീസ മാത്യു | ക്ലർക്ക് | 7896 | 20916 |
| 9 | ശ്രീമതി ഷീന തെക്കുമ്പാടൻ | ഓഫീസ് അറ്റന്റന്റ് | 6024 | 14350 |
| 10 | ശ്രീ. തോമസ് ടി ജെ | ഫുൾ ടൈം ലൈബ്രേറിയൻ | 5980 | 13027 |

| | | | | |
|---|---|---|---|---|
| 11 | ശ്രീ കുഞ്ഞൻ കുമ്പാരൻ | പാർട്ട് ടൈം സ്വീപ്പർ | 2152 | 7303 |
| 12 | വഹീദ ബി കെ | ക്ലർക്ക് | | 15575 |
| 13 | യദുനാഥ് കെ. പി | ക്ലർക്ക് | | 12856 |

ജി.ഒ(പി)27/2021/ധന തീയതി 10-02-2021 പ്രകാരം 01/2020മുതൽ 02/2021 വരെയുള്ള പുതുക്കിയ ശമ്പള സ്കെയിലിൽ ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് 2021 മെയ് മാസം അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ 01/2020 മുതൽ 32% കുടിശ്ശികയും 07/2020 മുതൽ 36% കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്. ഇത് കാരണം ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്തയിനത്തിൽ (-) തുകയാണ് ലഭിക്കുക. ക്ഷാമബത്തയിനത്തിൽ കുടിശ്ശികയില്ലാതെ ക്ഷാമബത്ത അനുവദിച്ചതിന് കാരണം അറിയിക്കേണ്ടതാണ്.

(2) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം ഖണ്ഡിക 43 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികക്ക് 25% ന്റെ 4 ഗഡുക്കളായി 01-04-2023, 01-10-2023, 01-04-2024, 01-10-2024 തീയതികളിൽ പി എഫിൽ ലയിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അനുമതി ലഭിക്കുന്നതിന് മുന്നേ തുക പി എഫിൽ ലയിപ്പിച്ചതിന് കാരണം അറിയിക്കേണ്ടതാണ്.

(3)- ശ്രീ ഷിനോയ് കുമാർ നരിക്കോടൻ സീനിയർ ക്ലർക്കിന്റെ അടിസ്ഥാന ശമ്പളം 01-07-2019 മുതൽ 43,400 രൂപയും അടുത്ത ഇൻക്രിമെന്റ് തീയതി 01-07-2020 ആണ്. എന്നാൽ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ 01-01-2020 ൽ 44,500 രൂപ കണക്കാക്കി അനുവദിച്ചത് കാരണം 1100 രൂപയുടെ ( 44,500 - 43,400) 4% = 44 രൂപ, 7 മാസം 308 രൂപ (7X44) അധികം നൽകിയിട്ടുണ്ട്. (01/2020 മുതൽ 06/2020 വരെ 6 മാസം ആർജിതാവധി സറണ്ടർ 1 മാസം)

